(ബി) വീണ്ടും മുപ്പതു കോടി രൂപ കൂടി കേന്ദ്രം അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് ഏതെല്ലാം ഹൈവേകളുടെ വികസനത്തിന് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 2002-03-ൽ കേന്ദ്ര റോഡ് നിധിയിൽ നിന്നും സംസ്ഥാന റോഡുകൾക്കായി 18.75 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

**ഹിൽഹൈവേയുടെ പ്രവർത്തനം സംബന്ധിച്ച് നാറ്റ്പാക്ക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ട്**

**52 (3611)** ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഹൈവേയുടെ പ്രവർത്തനം സംബന്ധിച്ച് നാറ്റ്പാക്ക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിന്മേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു ;

(ബി) ഹിൽ ഹൈവേ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഹിൽ ഹൈവേയുടെ റൂട്ട് അന്തിമമായി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട ഹിൽ ഹൈവേ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തെപ്പറ്റി നാറ്റ്പാക്ക് സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) 1-3-1997-ലെ സർക്കാർ ഉത്തരവ് (സാധ) 282/97 പൊ.വ. അനുബന്ധമായി വച്ചിരിക്കുന്നു*.

(സി) നടപടികൾ സ്വീകരിച്ചുവരികയാണ്.

**ടോൾ ഏർപ്പെടുത്തുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ**

**53 (3612)** ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോൾ ഏർപ്പെടുത്തുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കിസ്ത് ഇനത്തിൽ സർക്കാരിന് 2001-2002, 2002-2003 വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുക എത്ര ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly